"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി -കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയിൽ (പ്രത്യേക കോടതി) പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ടും നേരത്തെ അനുവദിച്ച ചില തസ്തികകൾ പരിവർത്തനം ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.213/2024/HOME തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം. 114/2022/ആഭ്യന്തരം തീയതി 10.06.2022
2. ഹൈക്കോടതി രജിസ്ട്രാറുടെ (ജില്ലാ ജുഡീഷ്യറി) 11.08.2022 ലെ ഡി7എ (1)-2501/2017/ഡി II-1 നമ്പർ കത്ത്
3. സ.ഉ.(കൈ) നം.180/2023/ആഭ്യന്തരം തീയതി 14.08.2023

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി പരാമർശം (1) പ്രകാരം ചുവടെ ചേർക്കും പ്രകാരമുള്ള 10 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി (പ്രത്യേക കോടതി) അനുവദിച്ചിരുന്നു.

| ക്രമ നം | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | ജഡ്ജ് (ഡിസ്ട്രിക്ട് & സെഷൻസ്) | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ബഞ്ച് ക്ലാർക്ക് | 1 |
| 4 | ബഞ്ച് അസിസ്റ്റന്റ് | 1 |
| 5 | എൽ.ഡി ക്ലാർക്ക് | 1 |

| | | |
|---|---|---|
| | | |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 7 | ക്ലാർക്ക്- കം -ടൈപ്പിസ്റ്റ് | 2 |
| 8 | കോർട്ട് കീപ്പർ | 1 |
| 9 | പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ്-II) | 1 |
| | **ആകെ** | 10 |

2) തുടർന്ന്,പ്രസ്തുത കോടതിയിലേയ്ക്ക് അനുവദിച്ച ജൂനിയർ സൂപ്രണ്ട് തസ്തിക ശിരസ്തദാർ തസ്തികയായി പരാമർശം (3) പ്രകാരം അപ്ഗ്രേഡ് ചെയ്ത് കൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി, പരാമർശിത ഉത്തരവുകൾ പ്രകാരം അനുവദിച്ച തസ്തികകൾക്ക് പുറമെ 8 പുതിയ തസ്തികകൾ കൂടി അനുവദിക്കണമെന്നും, ബഞ്ച് അസിസ്റ്റന്റ് തസ്തിക ക്ലാർക്ക് തസ്തികയായും, 2 ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികകൾ 2 എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട കേസുകളുടെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി, **ഒരു ഹെഡ് ക്ലാർക്ക്** തസ്തിക ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തേക്ക്, (അനുവദിച്ച കാലയളവിനപ്പുറം തസ്തിക തുടരുന്നത് ഭരണപരമായ ആവശ്യകത വിലയിരുത്തിയ ശേഷം മാത്രമേ പരിഗണിക്കൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി),താൽക്കാലികമായി സൃഷ്ടിച്ചുകൊണ്ടും അതോടൊപ്പം നേരത്തെ അനുവദിച്ച **രണ്ട് ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്** തസ്തികകൾ **രണ്ട് എൽ.ഡി ടൈപ്പിസ്റ്റ്** തസ്തികകളായി പരിവർത്തനം ചെയ്തുകൊണ്ടും കൂടാതെ **ഒരു ക്ലാർക്ക്, ഒരു എൽ.ഡി ടൈപ്പിസ്റ്റ്, രണ്ട് ഓഫീസ് അറ്റൻഡന്റ്** തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം ( ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E. No.2381679/EXP-D2/90/23-FIN dated 17.07.2024 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2414 തീയതി 25.09.2024)
വെബ്ബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി (ഗവ. വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar S
Date: 27-09-2024 10:49:37

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-09-2024

ഫയൽ നം. സി1/23/2023/ആഭ്യന്തരം. ഇനം നം: 2414

വിഷയം : ആഭ്യന്തര വകുപ്പ് - ജുഡീഷ്യറി - പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതിയിലേയ്ക്ക് പുതിയ തസ്തികകൾ അനുവദിയ്ക്കുന്നതും, തസ്തിക മാറ്റുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2414

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി1/23/2023/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി -പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയിലേയ്ക്ക് പുതിയ തസ്തികകൾ അനുവദിയ്ക്കുന്നതും, തസ്തിക മാറ്റുന്നതും -സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29/08/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/09/2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/09/2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 17/09/2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19/09/2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം പരവൂരിലെ പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയിലേയ്ക്ക് പുതിയ തസ്തികകൾ അനുവദിക്കുന്നതും, മുൻപ് അനുവദിച്ചിരുന്ന തസ്തിക മാറ്റുന്നതും സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിയ്ക്കുന്നത്.

2) 10.06.2022 ലെ സ.ഉ.(കൈ) നം. 114/2022/ആഭ്യന്തരം ഉത്തരവ് പ്രകാരം പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി ചുവടെ ചേർക്കും പ്രകാരമുള്ള 10 തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി (പ്രത്യേക കോടതി) അനുവദിച്ചിരുന്നു.

| ക്രമ നം | തസ്തികകൾ | എണ്ണം |
|---|---|---|
| 1 | ജഡ്ജ് (ഡിസ്ട്രിക്ട് & സെഷൻസ്) | 1 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 |
| 3 | ബെഞ്ച് ക്ലർക്ക് | 1 |
| 4 | ബെഞ്ച് അസിസ്റ്റന്റ് | 1 |
| 5 | എൽ.ഡി ക്ലർക്ക് | 1 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 7 | ക്ലർക്ക് കം ടൈപ്പിസ്റ്റ് | 2 |
| 8 | കോർട്ട് കീപ്പർ | 1 |
| 9 | പ്യൂൺ/ ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ്II) | 1 |
| | ആകെ | 10 |

ഹൈക്കോടതി രജിസ്ട്രാർ നൽകിയ ശിപാർശ പരിശോധിച്ച്, 14/08/2023 ലെ സ.ഉ.(കൈ) നം.180/2023/ആഭ്യന്തരം പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയെ ശിരസ്തദാർ തസ്തികയായി അപ്ഗ്രേഡ് ചെയ്തിരുന്നു.

3) അതേത്തുടർന്ന്, പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി അനുവദിച്ച അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയിലേയ്ക്ക് 10.06.2022 ലെ സ.ഉ.(കൈ) നം. 114/2022/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകൾക്ക് പുറമെ ചുവടെ ചേർക്കും പ്രകാരം ഹൈക്കോടതി ആവശ്യപ്പെട്ട 8 തസ്തികകൾ അനുവദിയ്ക്കണമെന്നും, ബഞ്ച് അസിസ്റ്റന്റ് തസ്തിക ക്ലാർക്ക് തസ്തികയായും, 2 ക്ലാർക്ക് കം ടൈപ്പിസ്റ്റ് തസ്തികകൾ 2 L.D. ടൈപ്പിസ്റ്റ് ആക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ആവശ്യപ്പെട്ടിരുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| 1 | ഹെഡ് ക്ലാർക്ക് | 1 |
| 2 | സീനിയർ ക്ലാർക്ക് | 1 |
| 3 | യു.ഡി.ടൈപ്പിസ്റ്റ് | 2 |
| 4 | ഡഫേദാർ | 1 |
| 5 | പ്യൂൺ/ഓഫീസ് അറ്റൻഡന്റ് (ഗ്രേഡ്-II) | 2 |
| 6 | പാർട്ട് ടൈം സ്വീപ്പർ | 1 |
| | **ആകെ** | **8 തസ്തികകൾ** |

4) ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) സമർപ്പിച്ച ശിപാർശയിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന്

അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം രേഖപ്പെടുത്തി;

*"AD is informed as follows*

*1. 'Finance' agrees to convert two post of clerk cum typist in to 2 posts of L.D Typists for the proper functioning of the Additional District & Sessions Court (Special Court) for the trial of Puttingal Devi Temple Fireworks mishap case.*

*2. The post of Head Clerk is supervisory in nature and making contract / daily wage appointment to such a post is not feasible. Hence 'Finance' agrees to create one post of Head Clerk for a period of one year w.e.f the date of issuance of order. Further continuance of this post will be considered after assessing the administrative necessity*

*3. AD is informed that there is no need to create a post for making contract / daily wage appointment on temporary basis. On the basis of an order issued by the Administrative Department giving permission to make appointment on daily wage basis, the competent authority can appoint persons on daily wage basis. The Administrative Department is informed that daily wage appointment can not be made on the posts of Senior Clerk, UD Typist and Duffedar as these posts are not entry cadre posts. In the place of these posts, sanction may be given to appoint a Clerk, 1 L.D Typist and 2 Office Attendants on daily wage basis for the smooth functioning of the court.*

*This has the approval of Hon'ble Minister (Finance)"*

5) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

പുറ്റിങ്ങൽ ദേവീക്ഷേത്ര വെടിക്കെട്ട് അപകടത്തിന്റെ വിചാരണയ്ക്കായി കൊല്ലം, പരവൂരിൽ അനുവദിച്ച പ്രത്യേക അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയുടെ സുഗമമായ പ്രവർത്തനത്തിനായി, ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം ചുവടെ ചേർത്തിട്ടുള്ള ശിപാർശകൾക്ക് അനുമതി നൽകാമോ;-

എ) അനുവദിച്ച കാലയളവിനപ്പുറം തസ്തിക തുടരുന്നത് ഭരണപരമായ ആവശ്യകത വിലയിരുത്തിയ ശേഷം മാത്രമേ പരിഗണിക്കൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഓർഡർ പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് ഒരു ഹെഡ് ക്ലാർക്ക് തസ്തിക താൽക്കാലികമായി സൃഷ്ടിക്കുന്നതിന്.

ബി) രണ്ട് ക്ലർക്ക്-കം-ടൈപ്പിസ്റ്റ് തസ്തികകൾ രണ്ട് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളായി മാറ്റുന്നതിന്.

സി) ഒരു ക്ലാർക്ക്, ഒരു എൽ.ഡി ടൈപ്പിസ്റ്റ്, രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേക്ക് ദിവസവേതാനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന്.